## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341** — **28-10-2021 - ൽ മറുപടിയ്ക്ക്**

## കയർ വ്യവസായത്തിന്റെ വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കയർ വ്യവസായം വിപുലീകരിക്കുന്നതിനായി പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള ആധുനികീകരണം എന്ന വികസന തന്ത്രം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായ മേഖലയെ സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായം വിപുലീകരിക്കുന്നതിനായി കയർ രണ്ടാം പുന:സംഘടന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൈകൊണ്ടിട്ടുളള നടപടികൾ ചുവടെ ചേർക്കുന്നു. 1. എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു. ഇതുവഴി ചകിരി ഉല്പാദന ശേഷി 2015-16 ൽ 5000 ടൺ ആയിരുന്നത് 2021 സെപ്റ്റംബർ മാസത്തിൽ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉല്പാദനശേഷി 480% ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 26000 ഇലക്ട്രോണിക്ക് റാട്ടുകൾ നൽകി. 3. 100 കയർ സഹകരണ സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. 4. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുളള നടപടികൾ പുരോഗമിക്കുന്നു. 5. ഉല്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കി. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരാണ പത്രം ഒപ്പിടുകയുണ്ടായി. 6. കയർ സഹകരണ സംഘങ്ങൾക്കാവശ്യമായ ചകിരി ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വില വ്യത്യാസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 7. കയർ |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും കയർ അക്വസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, കയർ മൾച്ചിംഗ് മാറ്റ്, ബൈൻഡർലസ് ബോർഡ് തുടങ്ങിയ വൈവിധ്യങ്ങളായ ഉത്പന്നങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 8. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി കയർ കേരള എന്ന പേരിൽ അന്തർ ദേശീയ പ്രദർശന മേള 2017, 2019, 2021 വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുമുണ്ടായി. |
| (ബി) | കയർ പിത്തിന്റെ വിപണി വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;7229; | (ബി) | 1) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം ഐ), കയർപിത്ത് ഉപയോഗിച്ച് ഗാർഹിക മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്നതിനു വേണ്ടിയുള്ള 'പിത്ത് ആക്ടിവേറ്റർ' വികസിപ്പിക്കുകയും ഇതുപയോഗിച്ചുള്ള ജൈവവള നിർമ്മാണ സാങ്കേതിക വിദ്യ കയർഫെഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കയർഫെഡ് കേരളത്തിലുടനീളം അതാത് മുനിസിപ്പൽ കോർപ്പറേഷനുകളുമായി സഹകരിച്ച് വ്യാവസായികമായി പദ്ധതി നടപ്പിലാക്കി വരുന്നു. 2) കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ ചകിരിചോറിനെ 30 ദിവസം കൊണ്ട് വളമാക്കി മാറ്റുന്ന ട്രൈക്കോപിത്ത് എന്ന ഉത്പന്നം എൻ.സി.ആർ.എം.ഐ വികസിപ്പിച്ചിട്ടുണ്ട്. ഇത് കയർ മേഖലയിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു. 3) എൻ.സി.ആർ.എം.ഐ വഴി കയർ പിത്ത് വളം നിർമ്മാണ പരിശീലനം നേടിയ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ കയർ കൺസോർഷ്യം, വിവിധ കയർ സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർ കയർപിത്ത് വളം വ്യാവസായികമായി ഉത്പാദിപ്പിച്ചു വരുന്നു. 4) കയർപിത്ത് വളവും അസംസ്കൃത കയർപിത്തും സംയോജിപ്പിച്ച് മണ്ണിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുള്ള നടീൽ മിശ്രിതം എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 5) കയർപിത്തിൽ നിന്നും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ടെൻണ്ടർ കോക്കനട്ടിന്റെ പിത്ത് ഉപയോഗിച്ച് ചെലവ്കുറഞ്ഞ രീതിയിൽ ഒരു നടീൽ മിശ്രിതം വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ക്രയവില സ്ഥിരതാ പദ്ധതി പരമ്പരാഗത കയർ വ്യവസായ മേഖലയ്ക്ക് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നു എന്ന് വിശദമാക്കാമോ? | (സി) | 1) പരമ്പരാഗത തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതിയുടെ ഫലമായി 2016-17 ന ശേഷം കയർ കെട്ടിക്കിടക്കുന്ന സ്ഥിതി അവസാനിച്ചു. 2) ചെറുകിട കയർ ഉത്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉത്പാദനം നടത്തുന്നതിനും ഉത്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചു. 3) കേരളത്തിലെ കയർ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി ക്രയവില സ്ഥിരതാപദ്ധതിയിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉത്പാദകർക്കും വിൽപ്പന നടത്തുന്നതു വഴി കയർ പിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽക്കുന്നതിനും കയർ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായ വിലയ്ക്ക് കയർ ലഭ്യമാക്കുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ